## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3218 - 13.10.2011 ൽ മറുപടിക്ക്**

**ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇടപാടുകാർക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്ജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കെ.എം. മാണി<br>ധനകാര്യ വകുപ്പു മന്ത്രി |

| | | |
|---|---|---|
| (എ) | കെ.എഫ്.സി., കെ.എസ്.എഫ്.ഇ പോലുള്ള ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി ഇടപാടുകാർക്ക് ഗുണകരമാകുന്ന വിധത്തിൽ കൂടുതൽ പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ? വിശദാംശം ലഭ്യമാക്കുമോ? | കെ.എഫ്.സി., കെ.എസ്.എഫ്.ഇ എന്നീ ധനകാര്യ സ്ഥാപനങ്ങൾ ഇടപാടുകാർക്ക് ഗുണകരമാകുന്ന വിധത്തിലുള്ള വിവിധ പരിഷ്ക്കാരങ്ങൾ ഇതിനകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. കെ.എഫ്.സി.യിൽ നിലവിലുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ ചില പ്രധാന പരിഷ്ക്കാരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) വായ്പ സംബന്ധമായ അറിവിലേക്കായി സുവ്യക്തമായ വായ്പാ നയം പ്രഖ്യാപിച്ചിട്ടുള്ളതാണ്<br>2) തിരിച്ചടവ് സംബന്ധിയായി റിക്കവറി പോളിസി നടപ്പിലാക്കിയിട്ടുണ്ട്.<br>3) തിരിച്ചടവിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന-വർക്കായി തിരിച്ചടവ് കാലാവധി നീട്ടി വായ്പ പുന:ക്രമീകരണം നൽകി വരുന്നുണ്ട്.<br>4) അർഹതപ്പെട്ട നിഷ്ക്രിയ അക്കൗണ്ടുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ സൗകര്യം നൽകി വരുന്നുണ്ട്.<br>5) കൃത്യമായ തിരിച്ചടവിന് പലിശയിൽ റിബേറ്റ് നൽകുന്നു.<br>6) കംപ്യൂട്ടർ നെറ്റ് വർക്ക് മുഖേന കെ.എഫ്.സിയുടെ എല്ലാ ഓഫീസുകളും തമ്മിൽ ബന്ധിപ്പിക്കുന്നതിനാൽ വായ്പാപേക്ഷ സ്വീകരിയ്ക്കൽ മുതൽ ലോൺ ക്ളോസ് ചെയ്യുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളും സുതാര്യവും, സത്വരവും, സമയ ബന്ധിത വുമായി തീർക്കാനും, മികവും സംരംഭക സൗഹൃദവും വർദ്ധിപ്പിയ്ക്കാനും, കഴിയുന്നു.<br>7) "e-auction and Sale" സമ്പ്രദായം നടപ്പിലാക്കുന്നതിനാൽ, കെ.എഫ്.സി. ഏറ്റെടുത്തിട്ടുള്ള സ്വത്തുക്കളുടെ വിൽപ്പന കൂടുതൽ സുതാര്യവും, പ്രശ്നരഹിതവുമാക്കാൻ കഴിയും.<br>8) ലോൺ സംബന്ധമായ വിവരങ്ങൾ എസ്.എം.എസ് മുഖാന്തിരം ഉപഭോക്താക്കൾക്ക് എത്തിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>9) വായ്പ അനുവദിയ്ക്കലിലെ കാര്യക്ഷമത, |

| | | |
|---|---|---|
| | | തുടർനടപടികൾ, വായ്പാ വിതരണം, തിരിച്ചടവ് എന്നിവയിൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പു വരുത്തുന്നതിനായി, ആഡിറ്റ്, വിജിലൻസ് നടപടികൾ തുടങ്ങിയവ ശക്തിപ്പെടുത്തിയിരിയ്ക്കുന്നു. കൺകറണ്ട് ആഡിറ്റിനായി പ്രൊഫഷണൽ ചാർട്ടേഡ് അക്കൗണ്ടൻറ്സ് സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കെ.എസ്.എഫ്.ഇ.യിൽ നടപ്പിലാക്കിയിട്ടുള്ള പരിഷ്ക്കാരങ്ങൾ ഇപ്രകാരമാണ്.<br><br>കെ.എസ്.എഫ്.ഇ.യുടെ പ്രധാന പദ്ധതിയായ ചിട്ടിയിൽ എല്ലാ ജനവിഭാഗങ്ങളേയും ഉൾപ്പെടുത്താനുള്ള ശ്രമത്തിൻെറ ഭാഗമായി ആൾ ജാമ്യ വ്യവസ്ഥയിൽ ഗണ്യമായ ഉദാരവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. സ്വയം തൊഴിൽ കണ്ടെത്തി ജീവിതം നയിക്കുന്ന ചെറിയ വരുമാനക്കാർ, പ്രൊഫഷണൽസ്, വ്യാപാരികൾ, ആദായനികുതിദായകർ എന്നിവർക്കും നിബന്ധനകൾക്ക് വിധേയമായി ചിട്ടികളിൽ ജാമ്യം നിൽക്കാവുന്നതാണ്. ഉദ്യോഗസ്ഥ ജാമ്യ വ്യവസ്ഥയിലും കാര്യമായി മാറ്റം വരുത്തിയിട്ടുണ്ട്. ശമ്പളത്തിനു പുറമേ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ആശ്രിതരുടെ എണ്ണം, പങ്കാളിയുടെ വരുമാനം, സ്ഥാവര സ്വത്ത്, തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനമാക്കി സ്കോറിംഗ് സംവിധാനത്തിലൂടെ ജാമ്യം സ്വീകരിയ്ക്കാനുള്ള സൗകര്യവും ഉണ്ട്.<br><br>വസ്തു ഈടായി സ്വീകരിയ്ക്കാനുള്ള ചിട്ടി ബാദ്ധ്യതയുടെ പരിധി 25 ലക്ഷം രൂപയിൽ നിന്ന് ഒരു കോടി രൂപയായി വർദ്ധിപ്പിച്ചു. വിപണിയിലെ വിലയ്ക്കനുസൃതമായി നിർണ്ണയം ഉറപ്പാക്കാൻ മൂല്യ നിർണ്ണയത്തിൽ പ്രാവീണ്യമുള്ള വാല്യുവർമാരെയും ഉൾപ്പെടുത്തുന്ന രീതി നടപ്പിലാക്കി. കൂടാതെ, വസ്തുവിൻെറ അംഗീകൃത വില ബാദ്ധ്യതക്ക് തികയാതെ വരുന്ന സാഹചര്യങ്ങളിൽ ബാധ്യതയിന്മേൽ 10 ശതമാനം വരെ ഇളവു ചെയ്യാനും സൗകര്യമുണ്ട്. |
| (ബി) | ഇത്തരം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇടപാടുകാർക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | ഇടപാടുകാർക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് കെ.എഫ്.സിയും, കെ.എസ്.എഫ്.ഇയും സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br><u>കെ.എഫ്.സി</u><br><br>മേൽ പറഞ്ഞവ കൂടാതെ മുതൽ മുടക്കിന് ആനുപാതികാടിസ്ഥാനത്തിലുള്ള വായ്പാ വിതരണം, കൊളാറ്ററൽ സെക്യൂരിറ്റിയിലെ ഇളവ്, പദ്ധതികളിലെ എണ്ണത്തിലുള്ള യുക്തിസഹജമായ മിതപ്പെടുത്തൽ, കാലവിളംബരഹിത വായ്പാ സമീപനം, ബ്രാഞ്ച്-മേഖലാടിസ്ഥാനത്തിൽ കൂടുതൽ അധികാര |

| | | |
|---|---|---|
| | | വികേന്ദ്രീകരണം, പ്രശ്ന പരിഹാര സെൽ, CGTMSE (Credit Guarantee Fund Trust for Micro and Small Enterprises) മുഖേന ഈട്രഹിത വായ്പ തുടങ്ങിയവയൊക്കെ ഇടപാടുകാർക്ക് ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ഉപകാരപ്പെടുന്നു.<br><br><u>കെ.എസ്.എഫ്.ഇ</u><br><br>ചിട്ടി പദ്ധതിയിൽ വരിക്കാരെ ചേർക്കുന്നതിനും ചിട്ടിതവണകൾ വീട്ടിൽ വന്നു ശേഖരിയ്ക്കുന്നതിനുമായി ഏകദേശം 3000 ചിട്ടി ക്യാൻവാസ്സിംഗ് ഡോർ കളക്ഷൻ ഏജൻറുമാർ കമ്മീഷൻ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇയ്ക്കു വേണ്ടി പ്രവർത്തിച്ചുവരുന്നു. കെ.എസ്.എഫ്.ഇയുടെ പ്രവർത്തനവും പൊതുജന സേവനവും ത്വരിതപ്പെടുത്തുന്നതിനുവേണ്ടി എല്ലാ ശാഖകളുടെയും കംപ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ട്. ഇടപാടുകാരുടെ പരാതിയിന്മേൽ ഏറ്റവും വേഗത്തിൽ പരിഹാരങ്ങൾ കാണുവാനും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഇതിനായി ഇൻറർനെറ്റ് വഴിയുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉതകുന്ന രീതിയിൽ "വിദ്യാധനം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ.**